# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 181/71, Kottappuram Road, Thrissur - 4, Ph : 0487-2384321**
**(Affiliated to C.I.T.U.R.No.K.1128)**
**E-mail : ksfesacitu@yahoo.co.in  Web : www.ksfesa.com**

President
**A.K.Balan** MLA
Mob : 9846361111

General Secretary
**S.Muraleekrishna Pillai**
Mob : 9446538432


**സർക്കുലർ 08/2014** 10–03–2014

സഖാക്കളെ, സുഹൃത്തുക്കളെ,

കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു) സംസ്ഥാന കമ്മിറ്റിയോഗം 18–1–2014ന് തൃശ്ശൂരിലും 14–2–2014ന് എറണാകുളത്തും ചേർന്നു. ചലച്ചിത്രസംവിധായകൻ ബാലുമഹേന്ദ്ര, കെ.പി.ഉദയഭാനു, ശ്യാമിലിഗുപ്ത, സുചിത്രസെൻ എന്നിവരുടെ നിര്യാണത്തിൽ സംസ്ഥാനകമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. 18–01–2014ന് നടന്ന യോഗത്തിൽ സ: എ.കെ.ബാലൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു.

## 1. EPS' 95 പെൻഷൻ പദ്ധതിയിൽ ഉയർന്ന പെൻഷൻ ലഭിക്കുന്നതിന് വേണ്ടി ബഹു: കേരളാ ഹൈക്കോടതിയെ സമീപിക്കാനുള്ള തീരുമാനം.

നമ്മുടെ 6–ാം നമ്പർ സർക്കുലറിൽ വിശദീകരിച്ചിരുന്നതുപോലെ, ഉയർന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നതിന് നിയമസഹായം തേടാൻ ഉഭയകക്ഷി ചർച്ചയിൽ തീരുമാനമെടുത്തിരുന്നു. അതനുസരിച്ച് ജീവനക്കാരും മാനേജ്മെന്റും ഒപ്പിട്ട സംയുക്തനിവേദനം ബഹു: പി.എഫ് കമ്മീഷണർക്ക് നൽകിയിരുന്നു. എന്നാൽ പി.എഫ് കമ്മീഷണർ നമ്മുടെ ആവശ്യം തള്ളിയതിനെതുടർന്ന് 40 ജീവനക്കാർ (ഓരോ സംഘടനയിൽ നിന്നും 10 പേർ വീതം) ബഹു: കേരളാ ഹൈക്കോടതി മുമ്പാകെ ഒരു ഹർജി (5145/14) ഫയൽ ചെയ്തു. പെൻഷൻ കണക്കാക്കുന്നതിനുള്ള പരമാവധി ശമ്പളം 6500 എന്നത് എടുത്തുകളയുക, ശമ്പളത്തിന്റെ $8\frac{1}{3}$ % പെൻഷൻ ഫണ്ടിലേയ്ക്ക് മാറ്റുക, പി.എഫിൽ നിന്നും ആനുപാതികമായ തുക മുൻകാല പ്രാബല്യത്തോടെ പെൻഷൻ ഫണ്ടിലേയ്ക്ക് മാറ്റുക എന്നിവയാണ് ഹർജിയിലെ ആവശ്യങ്ങൾ. റിട്ടയർ ചെയ്ത ജീവനക്കാരും സമാനമായ ഹർജി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നു. ഹൈക്കോടതി രണ്ട് ഹർജികളും ഒരുമിച്ച് പരിഗണിയ്ക്കുകയും പി.എഫ് കമ്മീഷണറുടെ വാദങ്ങൾ തള്ളിക്കൊണ്ട് ഹർജിക്കാർക്ക് അനുകൂലമായി വിധി പ്രഖ്യാപിക്കുകയും ചെയ്തു. ഹാന്റ്ലൂം കോർപ്പറേഷനിലെയടക്കം ജീവനക്കാർ സമാന ആവശ്യം ഉന്നയിച്ചുകൊണ്ട് അനുകൂലമായ വിധി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ നേടിയ പശ്ചാത്തലത്തിൽ പി.എഫ് ബോർഡ് ഡിവിഷൻ ബഞ്ചിന് മുമ്പാകെ അപ്പീലിന് പോകാൻ സാധ്യത കുറവാണ്. ഡിവിഷൻ ബഞ്ചിന്റെ മേൽ സൂചിപ്പിച്ച വിധിയ്ക്കെതിരെ പി.എഫ്. ബോർഡ് സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രത്യേകിച്ചും. എന്നാൽ സുപ്രീംകോടതി വിധി പി.എഫ് ബോർഡിന് അനുകൂലമായാൽ നമ്മുടെ പെൻഷൻ സ്വപ്നങ്ങൾക്ക് മേൽ കരിനിഴൽ വീഴും. പ്രസ്തുത SLP യിൽ Intervene ചെയ്യാനുള്ള നിയമസാധുത നമ്മുടെ സംഘടന നിയമവിദഗ്ധരുമായി ചർച്ചചെയ്തു. അനുകൂലമായ നിയമോപദേശം ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ മറ്റുള്ള സംഘടനകളും സമാനമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായാണ് അറിയാൻ കഴിഞ്ഞത്. സ്ഥാപനത്തിന് നയാപൈസപോലും അധിക ബാധ്യതയുണ്ടാകാതെ സ്വന്തം പി.എഫ് ബലികഴിച്ചുകൊണ്ട് പെൻഷൻ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമമെങ്കിലും വിജയിക്കുമെന്ന് പ്രതീക്ഷിക്കാം.

## 2. ഓഫീസ് അറ്റൻഡന്റുമാരുടെ പ്രമോഷൻ അനുപാതം വീണ്ടും 5% ലേയ്ക്ക്?

ഈ വിഷയത്തിൽ സംസ്ഥാനകമ്മിറ്റിയെടുത്ത തീരുമാനങ്ങളും തുടർന്നുള്ള പ്രവർത്തനങ്ങളും സംഘടനയുടെ 7–ാം നമ്പർ സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. കെ.എസ്.എഫ്.ഇ ചെയർമാൻ ശ്രീ.പി.ടി.ജോസിന് നൽകിയ കത്തിന്റെ പകർപ്പാണ് 7–ാം നമ്പർ സർക്കുലറായി പ്രസിദ്ധീകരിച്ചത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് 10–2–2014ന് നമ്മുടെ സംഘടന ബഹു. നികുതിവകുപ്പ് സെക്രട്ടറിക്ക് നൽകിയ കത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കി, പി.എസ്.സിക്ക് ശുപാർശചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 20–2–2014ന് നാം ചെയർമാന് നൽകിയ കത്തിന്റെയടിസ്ഥാനത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ള (By transfer) 20 ഓഫീസ് അറ്റൻഡന്റുമാരെയും അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പ്രമോട്ട് ചെയ്യുന്നതിനുള്ള അനുവാദം തേടികൊണ്ടുള്ള കത്ത് മാനേജ്മെന്റ് പി.എസ്.സിക്ക് നൽകിയിട്ടുണ്ട്.

അസിസ്റ്റന്റ് നിയമനത്തിന് PGDCA യും By transfer നിയമനത്തിന് DCA യും യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള മാനേജ്മെന്റ് നിർദ്ദേശം പിൻവലിച്ചുകൊണ്ട് പി.എസ്.സിക്കും സർക്കാരിനും കത്തയയ്ക്കുമെന്നും മാനേജ്മെന്റ് നമ്മെ അറിയിച്ചിട്ടുണ്ട്.

**3. സർക്കാർ ഉത്തരവ് 1/14 P & ARD കെ.എസ്.എഫ്.ഇയിലും നടപ്പാക്കുക**

തൊട്ടടുത്ത ഉയർന്ന തസ്തികയിലെ 10% ഒഴിവുകൾ സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിലെ ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് നീക്കിവച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് കെ.എസ്.എഫ്.ഇയിലും നടപ്പാക്കണമെന്ന് ആവശ്യപ്പെടാൻ സംസ്ഥാനകമ്മിറ്റി തീരുമാനിച്ചതനുസരിച്ച് നാം മാനേജ്മെന്റിന് കത്ത് നൽകിയിട്ടുണ്ട്. (സർക്കുലർ 7/14 കാണുക)

മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളിൽ സാങ്കേതികവും നിയമപരവുമായ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നതായി സംഘടന മനസിലാക്കുന്നു. അതിനാൽ കൃത്യമായ നിയമോപദേശം തേടാനും സംസ്ഥാനകമ്മിറ്റി തീരുമാനിച്ചു. അതിന്റെയടിസ്ഥാനത്തിൽ അഡ്വ.ശ്രീ.കാളീശ്വരംരാജിനെ 8–3–14ന് നാം സന്ദർശിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. നിയമോപദേശത്തിന്റെയടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**4. ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചു.**

സംസ്ഥാനകമ്മിറ്റിയുടെയും ജില്ലാകമ്മിറ്റികളുടെയും വരവ് ചെലവ് കണക്കുകൾ പരിശോധിയ്ക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും തിരുത്തൽ നടപടികൾ നിർദ്ദേശിക്കുന്നതിനുമായി ആഡിറ്റ് കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചു. സഖാക്കൾ അരുൺ ശ്രീധർ, എ.മുഹമ്മദ് ഇക്ബാൽ, മാത്യൂസ് മാത്യൂസ് എന്നിവരാണ് ആഡിറ്റ് കമ്മിറ്റിയുടെ പുതിയ അംഗങ്ങൾ.

**5.** ഔദ്യോഗിക കൃത്യനിർവഹണ വീഴ്ച എന്ന പേരിൽ സ്ഥാപനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്റെ 50% അസിസ്റ്റന്റ് ജീവനക്കാരിൽ നിന്ന് ഈടാക്കുന്ന തെറ്റായ കീഴ്വഴക്കം അടിയന്തിരമായി പുനഃപരിശോധിച്ച് തിരുത്തണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഒരു ധനകാര്യ സ്ഥാപനത്തിലും കേട്ടുകേൾവി പോലുമില്ലാത്ത നിയമവിരുദ്ധമായ, MOPയിൽ ഇല്ലാത്ത ഒരു നടപടി കീഴ്വഴക്കത്തിന്റെ പേരിൽ മാത്രം സ്ഥാപനത്തിൽ തുടരുകയാണ്. അധികാരവും ആനുകൂല്യങ്ങളും ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കെ, അസിസ്റ്റന്റ് വിഭാഗം ജീവനക്കാരിൽ ബാധ്യത കെട്ടിവയ്ക്കുന്ന സമീപനം തിരുത്തണമെന്നും ബാധ്യത പൂർണമായും ഓഫീസർമാരിൽ നിക്ഷിപ്തമാക്കണമെന്നും ആവശ്യപ്പെടാൻ തീരുമാനിച്ചു.

**6.** അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ സീനിയോരിറ്റി പ്രശ്നത്തിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി വിവരാവകാശ നിയമപ്രകാരം മാനേജ്മെന്റിന് കത്ത് നൽകിയിട്ടുണ്ട്.

**7. സംസ്ഥാന നേതൃത്വ കൺവെൻഷൻ**

സംസ്ഥാന കമ്മിറ്റിയംഗങ്ങൾ, ജില്ലാ ഭാരവാഹികൾ, വനിതാ സബ്കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുക്കുന്ന വിപുലമായ കൺവെൻഷൻ ചേരാൻ തീരുമാനിച്ചു. 2014 മാർച്ച് 16–ാം തീയതി രാവിലെ 10 ന് എറണാകുളം റിനീവൽ സെന്ററിൽ (മാതൃഭൂമി പ്രസ്സിന് എതിർവശം, കലൂർ) വച്ചാണ് കൺവെൻഷൻ ചേരുന്നത്. ജീവനക്കാരുടെ പെൻഷൻ, പ്രമോഷൻ, അവകാശ സംരക്ഷണം, CASBA, സ്ഥാപനസംരക്ഷണം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകി ചർച്ചചെയ്യുന്നതിനാണ് കൺവെൻഷൻ ചേരുന്നത്. നമ്മുടെ കരുത്തനായ പ്രസിഡന്റ് **സ: എ.കെ.ബാലൻ** എം.എൽ.എ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കും.

നമ്മുടെ അംഗങ്ങളുടെ സ്ഥലംമാറ്റ പ്രശ്നത്തിലെ അപാകതകൾ ഭൂരിഭാഗവും ഇപ്രാവശ്യത്തെ സ്ഥലംമാറ്റ ഉത്തരവിലൂടെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ സെക്രട്ടറിമാരെ ജില്ലാസെന്ററിൽ നിയമിക്കണമെന്ന സംഘടനാനിർദ്ദേശം നടപ്പാക്കിയിട്ടില്ല. കൂടാതെ HOയിലും Regional officeകളിലും നമ്മുടെ സംഘടനയ്ക്ക് ഏർപ്പെടുത്തിയ 'വിലക്ക്' രണ്ടരവർഷം കഴിഞ്ഞും തുടരുകയാണ്. അസിസ്റ്റന്റ് വിഭാഗത്തിൽ കൊടുമൺ ശാഖയിലെ സ: ശാലിനി, കുമരകം ശാഖയിലെ സ: സുനിത, വിഴിഞ്ഞം ശാഖയിലെ സ: ഷീജ, നെയ്യാറ്റിൻകര 2–ാം ശാഖയിലെ സ: രോഷ്ന.എ.സോമൻ എന്നിവർ ഉൾപ്പെടെയുള്ളവരുടെ സ്ഥലംമാറ്റ പ്രശ്നങ്ങൾ ഇനിയും പരിഹരിച്ചിട്ടില്ല. ഓഫീസ് അറ്റൻഡന്റുമാരുടെ ട്രാൻസ്ഫർ പീഡനത്തിൽ കഠിനംകുളം ശാഖയിലെ സ: എ.സി.ഗിരീഷ് ഒരു ഉദാഹരണം മാത്രമാണ്. പ്രമോഷനുകളിലും നമ്മുടെ അംഗങ്ങളെമാത്രം വിദൂരത്ത് നിയമിക്കുകയും ഭരണാനുകൂല സംഘടനയിലെ അംഗങ്ങളെ സൗകര്യപ്രദമായി നിയമിക്കുകയും ചെയ്യുന്ന രീതി തുടരുന്നു. ഈ നീതി നിഷേധം തിരുത്തണമെന്ന് സംഘടന അതിശക്തമായി ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം സാമൂഹ്യ നീതി ഉറപ്പ് വരുത്തുന്നതിനുള്ള ശക്തമായ പ്രക്ഷോഭം ഉയർത്തിക്കൊണ്ട് വരുമെന്ന് മാനേജ്മെന്റിന് മുന്നറിയിപ്പ് നൽകുന്നു.

*അഭിവാദനങ്ങളോടെ,*

**എസ്.മുരളികൃഷ്ണപിള്ള**

*ജനറൽ സെക്രട്ടറി*